# പതിനഞ്ചാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

2024 ജൂലൈ 9, ചൊവ്വ

## കാര്യവിവരപ്പട്ടിക

**1. ചോദ്യങ്ങൾ :**

പ്രത്യേക ലിസ്റ്റിൽ കൊടുത്തിട്ടുള്ള ചോദ്യങ്ങളും ഒന്നാം നമ്പർ അടിയന്തര ചോദ്യവും ചോദിക്കുകയും അവയ്ക്ക് മറുപടി പറയുകയും ചെയ്യുന്നതാണ്.

**2. ശ്രദ്ധക്ഷണിക്കൽ :**

(1) മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ റോഡ് പ്രവൃത്തികൾ ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. കെ. പി. മോഹനൻ തദ്ദേശ സ്വയംഭരണ – എക്സൈസ് – പാർലമെന്ററികാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതാണ്.

(2) സംസ്ഥാനത്തെ പൊതുവിതരണരംഗം നേരിടുന്നതായി പറയപ്പെടുന്ന പ്രതിസന്ധികൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. മോൻസ് ജോസഫ് ഭക്ഷ്യ – പൊതുവിതരണ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതാണ്.

**3. റിപ്പോർട്ടുകളുടെ സമർപ്പണം:**

(1) ജലവിഭവ വകുപ്പുമന്ത്രിയും സബ്ജക്ട് കമ്മിറ്റി III-ന്റെ അദ്ധ്യക്ഷനുമായ ശ്രീ. റോഷി അഗസ്റ്റിൻ കമ്മിറ്റിയുടെ 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കുന്നതാണ്.

(2) എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷയായ ശ്രീമതി കെ. കെ. ശൈലജ ടീച്ചർ കമ്മിറ്റിയുടെ പതിനാല് മുതൽ പതിനേഴ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നതാണ്.

**4. ചട്ടത്തിനുള്ള ഭേദഗതികളുടെ പരിഗണന :**

(1) 2024 ഫെബ്രുവരി 9–ാം തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 21/2024/എൽ. എസ്. ജി. ഡി (എസ്.ആർ.ഒ. നമ്പർ 168/2024) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2024- ലെ കേരള പഞ്ചായത്ത് കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്കരണം) ചട്ടങ്ങൾക്ക് ഡോ. എൻ. ജയരാജ് നൽകിയ ഭേദഗതിയുടെ പരിഗണന.

(ഭേദഗതി നോട്ടീസ് നേരത്തെ വിതരണം ചെയ്തിട്ടുണ്ട്.)

(2) 2024 ഫെബ്രുവരി 9–ാം തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 20/2024/എൽ. എസ്. ജി. ഡി (എസ്.ആർ.ഒ. നമ്പർ 172/2024) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2024- ലെ കേരള മുൻസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്കരണം) ചട്ടങ്ങൾക്ക് ഡോ. എൻ. ജയരാജ് നൽകിയ ഭേദഗതിയുടെ പരിഗണന.

(ഭേദഗതി നോട്ടീസ് നേരത്തെ വിതരണം ചെയ്തിട്ടുണ്ട്.)

**5. ധനകാര്യം :**

ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ 2024 - 2025 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ്, 2016 – 2017, 2017 – 2018, 2018 – 2019, 2019 – 2020 എന്നീ സാമ്പത്തിക വർഷങ്ങളിലെ അധികധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റുകൾ എന്നിവ മേശപ്പുറത്ത് വയ്ക്കുന്നതാണ്.

**6. നിയമനിർമ്മാണ കാര്യം :**

2024 – ലെ കേരള ധനവിനിയോഗ (2–ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

(ചർച്ച അവസാനിപ്പിക്കുന്നതാണ്.)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2024 ജൂലൈ 8.

ഡോ. എൻ. കൃഷ്ണ കുമാർ,
സെക്രട്ടറി.

**FIFTEENTH KERALA LEGISLATIVE ASSEMBLY**
**Eleventh Session**
*Tuesday, July 9, 2024*

# LIST OF BUSINESS

**I. Questions:**

Questions entered in the separate list and short notice question No. 1 to be asked and answered.

**II. Calling Attention:**

(1) Shri. K. P. Mohanan to call the attention of the Minister for Local Self Governments, Excise and Parliamentary Affairs to the necessity to undertake new road works by including the same under the Chief Minister's Local Road Rebuild Project.

(2) Shri. Mons Joseph to call the attention of the Minister for Food and Civil Supplies to the necessity to resolve the crises reported to have faced by the Public Distribution Sector in the State.

**III. Presentation of Reports:**

(1) Shri. Roshy Augustine, Minister for Water Resources and Chairperson, Subject Committee-III to present the Periodical Report from 1st April 2023 to 31st March 2024 and the Report on the action taken on the Third Report regarding the scrutiny of demands for grants for the financial year 2023-2024.

(2) Smt. K. K. Shailaja Teacher, Chairperson, Committee on Estimates to present the Fourteenth to Seventeenth Reports of the Committee.

**IV. Consideration of Amendments to Rule:**

(1) Consideration of Amendment to the Kerala Panchayat Building (Regularisation of Unauthorised Construction) Rules, 2024 issued in GO (P) No.21/2024/LSGD dated 9.2.2024 (S.R.O.No.168/2024) – given notice of by Dr. N. Jayaraj.

(Amendment notice already circulated)

(2) Consideration of Amendment to the Kerala Municipality Building (Regularisation of Unauthorised Construction) Rules, 2024 issued in GO (P) No.20/2024/LSGD dated 9.2.2024 (S.R.O.No.172/2024) – given notice of by Dr. N. Jayaraj.

(Amendment notice already circulated)

V. **Financial Business**:

Shri. K. N. Balagopal, Minister for Finance to lay on the Table the Supplementary Financial Statement in the Budget for the Financial Year 2024-2025 and the statements of Excess Grants for the Financial Years 2016-2017, 2017-2018, 2018-2019 and 2019-2020.

VI. **Legislative Business**:

Introduction and further stages of the Kerala Appropriation (No.2) Bill, 2024.

(Discussion to be concluded.)

Secretariat of the Kerala Legislature,
Thiruvananthapuram,
July 8, 2024.

Dr. N. Krishna Kumar,
Secretary.